പട്ടികജാതി വികസന വകുപ്പിലെ ഭവന നിർമ്മാണ പദ്ധതി

101 [986] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച ഭവന നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സമയത്തിന് പണം അനുവദിക്കാത്തതിനാലും ധനകാര്യ വകുപ്പിൽ നിന്നും നിർണ്ണയിച്ചിട്ടുള്ള ചെലവിന്റെ സീലിംഗ് അനുസരിച്ചിട്ടുള്ള തുക ലഭിക്കാത്തതിനാലും ഭവന നിർമ്മാണം മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ധനസഹായതുക 35,000 രൂപയിൽ നിന്നും 70,000 രൂപയായി വർദ്ധിപ്പിക്കുകയും പുതുക്കിയ പ്ലാൻ അനുസരിച്ച് 323 സ്ക്വയർഫീറ്റുള്ള വാർത്ത കെട്ടിടം നിർമ്മിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 4525 കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും ബാക്കി കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(ബി, സി) ഉണ്ട്. ധനകാര്യവകുപ്പുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പിന്നോക്ക വിഭാഗ ലിസ്റ്റിലെ ജാതിവിവര കണക്ക്

102 [987] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വിഭാഗങ്ങളെയാണ് പട്ടികജാതി സമുദായങ്ങളുടെയും പട്ടികവർഗ്ഗ സമുദായങ്ങളുടെയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഇതു സംബന്ധിച്ച സമ്പൂർണ്ണ ലിസ്റ്റ് ഓരോ വില്ലേജാഫീസിലും ഇല്ലാത്തതുകൊണ്ട് അവിടെ വിവിധ സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിനായി പോകുന്ന വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കുന്നതിന് ഓരോ വില്ലേജാഫീസിലും പ്രസ്തുത ലിസ്റ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly